# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 11/2025
# 23.11.2025 (ഓൺലൈൻ)

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. ഐഫെക്ടോ/ സംസ്ഥാനതല പ്രക്ഷോഭം
6. സമ്മേളനങ്ങൾ
7. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., ഡോ. ഗായത്രിദേവി ജി., ഡോ. ജയരാജ് ജെ., ഡോ. ശരത്ത് എസ്., ഡോ. വിനീത പി., ഡോ. രഞ്ജിത് മോഹൻ, സന്തോഷ് ടി. വർഗീസ്, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. റിജുലാൽ ജി., ഡോ. രജിത സി. ആർ., ഡോ. എസ്. സഞ്ജയ്, ഡോ. ദീപ എ. കെ., ഡോ. രമണി കെ. കെ., സോബിൻ വർഗ്ഗീസ് എം. വി., ഡോ. ഷാനവാസ് പി. എച്ച്., രാജു എം. സി., ഡോ. അജി പി.എൽ., ഡോ. എം. എ. അസ്കർ, ഡോ. വിഷ്ണു വി.എസ്., ഡോ. ഷജില ബീവി എസ്., ഡോ. റോസ് നിക്സ്, ഡോ. ആനന്ദ് ടി. എ., ഡോ. ദിനേശ് പി. കെ., ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. റഹിം കെ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. സെനോ ജോസ്, സുശാന്ത് പി., സജിത്ത് കുമാർ പി., ഡോ. ചന്ദ്രമോഹൻ കെ.ടി., ഡോ. സുകുമാരൻ എം., ഡോ. സുജ ടി. വി., ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., ഡോ. അഗസ്റ്റിൻ എൻ. ജെ., അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സജീവ് യു. എസ്., ഡോ. വിനീഷ്, ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഹരിദാസൻ വി., ഡോ. ഷാജി സി.വി., ഡോ. രാഹുൽ കെ., ഡോ. ഷിബു പി. വി., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി.

രാവിലെ 10 മണിക്ക് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ. മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ. വി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

മുൻ എം. എൽ. എയും സി.പി.ഐ(എം) നേതാവുമായ ബാബു എം പാലിശ്ശേരി,ഡൽഹി ചെങ്കോട്ടയ്ക്കു സമീപം ഉണ്ടായ തീവ്രവാദ ആക്രമണത്തിൽ മരണപ്പെട്ടവർ,ഒളിമ്പിക്സ് മെഡൽ നേടിയ ആദ്യ മലയാളി മാനുവൽ ഫെഡറിക്,എ.കെ.ജി.സി.ടി മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ. കെ. ഇബ്രാഹിംകുട്ടി മാഷ് തുടങ്ങിയവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ,

സർക്കാർ ജനക്ഷേമകരമായ ഒട്ടേറെ പ്രഖ്യാപനം നടത്തുകയും, നമ്മൾ ഒക്ടോബർ 31ന്റെ സെക്രട്ടറിയേറ്റ് മാർച്ചിൽ ഉന്നയിക്കാനിരുന്ന ആവശ്യങ്ങളിൽ

പലതിലും സർക്കാരിന്റെ ഭാഗത്ത് നിന്നും അനുകൂല സമീപനം ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിലാണ് എകെജിസിടി നടത്താൻ തീരുമാനിച്ച സെക്രട്ടേറിയറ്റ് പ്രക്ഷോഭം തൽക്കാലത്തേക്ക് മാറ്റിവെച്ചത്.പാലക്കാട് ധോണിയിൽ സംഘടിപ്പിച്ച സംസ്ഥാന പ്രവർത്തക ക്യാമ്പ് നല്ല രീതിയിൽ സംഘടിപ്പിക്കുവാൻ പാലക്കാട് ജില്ലാ കമ്മറ്റിക്ക് സാധിച്ചു. ഇതിന് നേതൃത്വം വഹിച്ച പാലക്കാട് ജില്ലാ സെക്രട്ടറിയേയും, ജില്ലാ കമ്മറ്റി അംഗങ്ങളേയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചു.

പ്രിൻസിപ്പൽ നിയമനത്തിന് ഉണ്ടായിരുന്ന കോടതിയുടെ സ്റ്റേ നീങ്ങിയിട്ടുണ്ട്. എത്രയും വേഗം കാര്യങ്ങൾ മുന്നോട്ട് നീങ്ങും എന്ന് പ്രതീക്ഷിക്കുന്നു. യോഗ്യരായ മുഴുവൻ അധ്യാപകർക്കും സീനിയോരിറ്റി അനുസരിച്ച് നിയമനം ലഭിക്കണമെന്നതാണ് നമ്മുടെ നിലപാട്.പ്ലെയ്സ്മെന്റ് അപേക്ഷകളിൽ മേലുള്ള നടപടികൾ ഇനി തൽക്കാലം തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന് ശേഷമേ പുനരാരംഭിക്കുകയുള്ളൂ.

സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമിതിയുടെ സിറ്റിംഗ് നടന്നു വരുന്നു. ഈ വിഷയത്തിൽ ആവശ്യമായ തുടർ ഇടപെടൽ സംഘടന നടത്തുന്നതാണ്.

റിട്ടയർമെന്റ് ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുന്ന കാര്യത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. പൊതു സ്ഥലം മാറ്റത്തിന്റെ കരടിന് അന്തിമരൂപം നൽകി ഉത്തരവ് ഇറക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തും. ഡിസംബർ 9, 11 തീയ്യതികളിൽ തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ ഡിസംബർ 9ന്റെ ഐഫക്ടോ നേതൃത്വത്തിലെ പാർലമെന്റ് മാർച്ചിലെ പങ്കാളിത്തം സംബന്ധിച്ച കാര്യത്തിലും തീരുമാനം എടുക്കണം. രാജ്യത്തെ ജീവനക്കാരുടെ അഖിലേന്ത്യാ സമ്മേളനത്തിൽ സംഘടനയെ പ്രതിനിധീകരിച്ചുള്ള പങ്കാളിത്തം തീരുമാനിക്കണം. ഫെബ്രുവരി 21, 22, 23 തീയ്യതികളിൽ മധുരയിൽ

ഐഫെക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് ചേരുന്നു.ഇതിൽ സംഘടനയുടെ പങ്കാളിത്തം ചർച്ച ചെയ്യണം. സംഘടനയുടെ യുണിറ്റ്/ ജില്ലാ/ സംസ്ഥാന സമ്മേളനം തീയ്യതികൾ ചർച്ച ചെയ്യണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. സംഘടനയുടെ യൂണിറ്റ് സമ്മേളനങ്ങൾ ജനുവരി മാസത്തിലും, ജില്ലാ സമ്മേളനങ്ങൾ ഫെബ്രുവരി മാസത്തിലും നടത്താൻ തീരുമാനിച്ചു.സംസ്ഥാന സമ്മേളനം 2026 മാർച്ച് മാസം കൊല്ലത്ത് ചേരുവാൻ തീരുമാനിച്ചു.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ഡിസംബർ 9 ന്റെ ഐഫക്ടോ പാർലമെന്റ് മാർച്ചിൽ അംഗങ്ങൾക്ക് പങ്കെടുക്കാൻ സാധിക്കില്ല.
3. പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും പുതിയ നിയമനം നടത്താൻ ആവശ്യമായ ഇടപെടൽ നടത്തും.
4. സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി ആവശ്യമായ തുടർ ഇടപെടൽ നടത്തും.
5. സർക്കാർ കോളേജ് അധ്യാപകരുടെ പൊതുസ്ഥലം മാറ്റത്തിന്റെ കരടിന് അന്തിമരൂപം നൽകി ഉത്തരവ് ഇറക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തും.
6. സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
7. എ.ഐ.എസ്.ജി.ഇ.എഫ് അഖിലേന്ത്യാ സമ്മേളത്തിൽ സംഘടനയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി പങ്കെടുക്കും.

8. 2026 ഫെബ്രുവരി 21, 22, 23 തീയ്യതികളിൽ മധുരയിൽ നടക്കുന്ന ഐഫെക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസിലെ സംഘടനയുടെ പങ്കാളിത്തം സംബന്ധിച്ച് ഡിസംബറിൽ ചേരുന്ന കമ്മറ്റിയിൽ തീരുമാനമെടുക്കും.
9. ചെറിയ കോളേജുകളുടെ ഭൗതിക സാഹചര്യ വികസനത്തിന് ആവശ്യമായ ഇടപെടൽ നടത്തും.
10. പോസ്റ്റ് ഷിഫ്റ്റിംഗ് വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തും.
11. കിഫ്ബി ഫണ്ട് വിനിയോഗം സംബന്ധിച്ച് അടിയന്തിര യോഗം വിളിക്കാൻ ധനവകുപ്പിനോട് ആവശ്യപ്പെടും.
12. അധ്യാപകരുടെ പ്ലെയ്സ്മെന്റ് കറക്ഷൻ ലിസ്റ്റ് പ്രോസസ് ചെയ്യുന്നതിനായി ഇടപെടൽ നടത്തും.

യോഗം ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
23-11-2025

ഡോ. മുഹമ്മദ് റഫീക് ടി.
ജനറൽ സെക്രട്ടറി